**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 888

01/03/2017-ൽ മറുപടിയ്ക്ക്.

**മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന പാലിന്റെ അളവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി. സി.കെ ആശ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന പാലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; | (എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മിൽമ കൊണ്ടു വരുന്ന പാലിന്റെ അളവ് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. അന്യ സംസ്ഥാന ഫെഡറേഷനിൽ നിന്നും വാങ്ങുന്ന പാലിന്റെ കൃത്യമായ കണക്കുകൾ മേഖലാ യൂണിയനുകളും ഫെഡറേഷനും സൂക്ഷിക്കുന്നുണ്ട്. എന്നാൽ സ്വകാര്യ മേഖലയിൽ കൊണ്ടു വരുന്ന പാലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമില്ല. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ;ഇല്ലെങ്കിൽ അതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; | (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം ഓണക്കാലത്തു പരിശോധിക്കുന്നതിനുള്ള സംവിധാനം മാത്രമേ ക്ഷീരവികസന വകുപ്പിൽ നിലവിലുള്ളു. ആയതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മൂന്ന് മേഖല ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് സേഫ്റ്റി ലാബും പ്രവർത്തിക്കുന്നു. ഇതു |

കൂടാതെ തിരുവനന്തപുരം, കോഴിക്കോട് എന്നീ ലാബുകളുടെ നിയന്ത്രണത്തിൽ ഓരോ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നു.

മിൽമ ഇതരസംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത് . കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായുള്ള സുസജ്ജമായുള്ള ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമാ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ് അഡൾട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ് ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നിവ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റിബയോട്ടിക് ടെസ്റ്റ്, പെസ്റ്റിസൈഡ്സ്, തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടേയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | ചെക്ക് പോസ്റ്റുകളിലെ പരിശോധന ഓണക്കാലത്ത് മാത്രമാക്കാതെ വർഷം മുഴുവനും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ചെക്ക് പോസ്റ്റുകളിലെ പാൽ പരിശോധന ഓണക്കാലത്ത് മാത്രമാക്കാതെ വർഷം മുഴുവനും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ മീനാക്ഷിപുരം ചെക്ക് പോസ്റ്റിൽ സ്ഥിരം പാൽ പരിശോധന ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ.